വി.കെ. ശ്രീരാമൻ

# താഴ്ത്തപ്പെട്ടവന്റെ സാഹിത്യകാരൻ

## സാഹിത്യത്തിന്റെ രാജവീഥി വിട്ട് സഞ്ചരിക്കുന്ന ഒരു എഴുത്തുകാരന്റെ അനുഭവങ്ങൾ നിറയുന്ന കൃതി



**നഗ്നജീവിതങ്ങൾ**
താഹ മാടായി
ഡി സി ബുക്സ്
വില: 65 രൂപ

**താ**ഹ മാടായി സാഹിത്യത്തിന്റെ പുറമ്പോക്കിൽ കൃഷി ചെയ്യുന്ന എഴുത്തുകാരനാണ്. എന്താണ് സാഹിത്യത്തിന്റെ പുറമ്പോക്ക് എന്നു പറയുന്നത്? മനുഷ്യരുടെ ജീവിതങ്ങൾ, സ്ഥലകാലദേശങ്ങൾ അടയാളപ്പെടുത്തുന്നതാണ് ഈ സാഹിത്യരൂപത്തിന്റെ ഒരു രീതി. ഇത് സാഹിത്യമായി അംഗീകരിക്കാൻ പറ്റില്ല എന്നാണ് ഒരു വിഭാഗം സാഹിത്യകാരന്മാർ പറയുന്നത്. ഇത് സാഹിത്യമായി പരിഗണിക്കണമെന്ന് താഹ ആവശ്യപ്പെടുന്നില്ല. സാഹിത്യത്തിന്റെ രാജവീഥിയിലൂടെയല്ല ഇതിന്റെ സഞ്ചാരം. എത്രയോ അനായാസമായി അങ്ങനെ സഞ്ചരിക്കാൻ കഴിയുന്ന ആളാണ് താഹ. പക്ഷേ, ആ രാജവീഥി എഴുത്തിന്റെ കാര്യത്തിൽ താഹ ഉപേക്ഷിക്കുന്നു. ഈയിടെ എം.ടിയുടെ നാലുകെട്ടിന്റെ അമ്പതാം വാർഷികം ആഘോഷിക്കുകയുണ്ടായി. ഒരുപക്ഷേ, അപ്പുണ്ണിയൊഴികെ പല കഥാപാത്രങ്ങളും കൂടല്ലൂരിൽ ജീവിച്ചിരുന്നവരോ ചിലരെല്ലാം ഇന്നും ജീവിക്കുന്നവരോ ആണ്. മിക്കവാറും ആളുകളുടെ പേരൊക്കെ നേർക്കുനേരെത്തന്നെയാണ് എഴുതിയിട്ടുള്ളത്. യുസഫ്, കോന്തുണ്ണി നായര് തുടങ്ങി ഏതാണ്ട് നൂറ്റിമുപ്പത്തിയൊമ്പതോളം പേരുടെ സ്വഭാവവും പേരും വസ്ത്രധാരണവുമൊക്കെ -കൂടാതെ ജോലി, തറവാട്- ഈ വക കാര്യങ്ങളൊക്കെ അതുപോലെതന്നെയാണ് എഴുതിയിട്ടുള്ളത്. എന്നാൽ അത് സാഹിത്യമായി അംഗീകരിക്കുകയും താഹ മാടായി അല്ലെങ്കിൽ ഒരുപക്ഷേ, ഞാൻ എഴുതുന്ന ഇതേ രീതിയിലുള്ള എഴുത്ത് സാഹിത്യമല്ലാതിരിക്കുകയും ചെയ്യുന്നതിന്റെ ഇടയിൽ നേർത്തൊരു വിഭജനം മാത്രമേയുള്ളൂ. ഒരിക്കൽ 'വേറിട്ട കാഴ്ചകളെ'ക്കുറിച്ചുള്ള ഒരു ഇന്റർവ്യൂവിൽ ഒരാൾ ചോദിക്കുകയുണ്ടായി; ഇതിൽ എത്ര ശതമാനം നുണയുണ്ട്? അപ്പോൾ ഞാൻ പറഞ്ഞു, പത്തുശതമാനം നുണയുണ്ട് ബാക്കി തൊണ്ണൂറുശതമാനവും സത്യമാണ്. താഹ എഴുതുന്നതിൽ തൊണ്ണൂറ്റി ഒൻപതു ശതമാനവും സത്യമാണ്. എം.ടി. വാസുദേവൻനായരുടെ പ്രധാനപ്പെട്ട നോവലുകളായ കാലം, അസുരവിത്ത്, നാലുകെട്ട് ഈ കൃതികളൊക്കെയും എഴുപത്തഞ്ചു ശതമാനവും സത്യമാണ്. ഇവയിൽ ഇരുപത്തഞ്ചു ശതമാനം മാത്രമേ ഭാവനയുള്ളൂ, മറ്റെല്ലാം സത്യമാണ് എന്നാണ് പിൽക്കാല അന്വേഷണങ്ങളിൽനിന്നു നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. എം.ടി തന്നെ പറഞ്ഞത്, പലപ്പോഴും എഴുതുന്നത് തനിക്കു ചുറ്റുമുള്ള ലോകം തന്റെ ഹൃദയത്തിലേക്ക് അനുവാദം ചോദിക്കാതെ കടന്നുവരികയും ഈ ലോകത്തിലെ കഥാപാത്രങ്ങൾ എഴുതാൻ വേണ്ടി തന്നെ അസ്വസ്ഥനാക്കുകയും ചെയ്യുന്നു എന്നാണ്. ആ വേദനയിൽ ആ ഒരു സന്ദർഭത്തെ മറികടക്കാൻ കഴിയാത്തപ്പോൾ എഴുതിപ്പോകുന്നതാണ് തന്റെ നോവലുകൾ എന്നാണ് എം.ടി പറഞ്ഞത്. വൈക്കം മുഹമ്മദ് ബഷീർ മാന്ത്രികപ്പൂച്ച എന്ന നോവൽ എഴുതാൻ വേണ്ടി ആദ്യംതന്നെ പേന തുറന്നുവച്ച് കസേരയിൽ ഉമ്മറത്തിരിക്കുകയാണ്. വിശ്വസാഹിത്യം രചിക്കാൻ വേണ്ടിയാണ് താൻ ഉമ്മറത്ത് കസേരയുമിട്ട് ഇരിക്കുന്നതെന്നാണ് ബഷീർ പറയുന്നത്. സാഹിത്യം രചിക്കാൻ വേണ്ടി, ഭാവനയിലുള്ള വിശ്വസാഹിത്യം രചിക്കാൻ വേണ്ടിയാണ് പേനയും തുറന്നുവച്ച് അദ്ദേഹം ഇരുന്നത്. അപ്പോഴാണ് തുറന്നിട്ട ഉമ്മറപ്പടിയിലൂടെ ശംഖൂതി ഒരു സ്വാമി കടന്നുവരുന്നത്. ഈ സ്വാമിയെക്കാണുമ്പോൾ ബഷീറിന്റെ മകൾ പീപ്പി വിളിച്ച് ഒരു സ്വാമി വരുന്നുണ്ട് എന്നു പറയാറുണ്ട്. കുറച്ചു കഴിയുമ്പോൾ കോഴിയെപ്പിടിക്കാനായി ഒരു മൂർഖൻ വരുന്നു, അയലത്തെ സ്ത്രീകൾ വരുന്നു- അങ്ങനെ പല പല സംഭവങ്ങൾ വീടിനു ചുറ്റുപാടും ഉണ്ടാകുന്നു. ഇതിലൊക്കെ ഈ വിശ്വസാഹിത്യം രചിക്കാനിരുന്ന ആൾ ഇടപെടുന്നു. ആ നോവലിന്റെ അവസാനം വരെ വിശ്വസാഹിത്യമായി ഒരു വരി പോലും എഴുതാതെ തനിക്കു ചുറ്റുമുള്ള കാര്യങ്ങൾ മാത്രം എഴുതി ആ നോവൽ അവസാനിപ്പിക്കുന്നു. യാഥാർത്ഥ്യങ്ങളെ ഒരു ജാലവിദ്യക്കാരനെപ്പോലെ കഥയാക്കി മാറ്റുകയും ഇതു കഥയാണ് എന്നു പറഞ്ഞുകൊണ്ട് അതിനുള്ളിൽ അടുക്കിവയ്ക്കുകയും ചെയ്യുന്ന രണ്ടു പ്രക്രിയകൾ ഇതിൽ നടക്കുന്നുണ്ട്. താഹ എല്ലാവരെക്കുറിച്ചും എഴുതുന്നില്ല. താഴെത്തട്ടിലുള്ള മനുഷ്യരുടെ അനുഭവങ്ങൾ അടയാളപ്പെടുത്തുന്നതാണ് താഹ നിർവ്വഹിക്കുന്ന സാഹിത്യധർമ്മം. പുതിയ തലമുറയിൽ അനുഭവങ്ങൾ തീരെ ഇല്ലാതെ പോകുന്ന ഒരു സംഗതിയാണ് കാണുന്നത്. അരുന്ധതി റോയി തന്റെ നോവൽ അമ്മ മേരി റോയിക്കാണ് സമർപ്പിക്കുന്നത്. അരുന്ധതി റോയി എഴുതുന്നു: To Mary Roy who

grow me up. Who taught me to say, excuseme before interrupt her in public. Who loved me enough to let me go- എന്നെ പറഞ്ഞയയ്ക്കാൻ വേണ്ടി ആവോളം സ്നേഹിച്ച അമ്മയ്ക്ക്. അരുന്ധതി റോയിക്ക് വിദ്യാഭ്യാസം കഴിഞ്ഞ് പ്രായപൂർത്തിയായപ്പോൾ അമ്മ മേരി റോയി മകളെ പുറത്താക്കി വാതിലടച്ചു. നിനക്ക് വിദ്യാഭ്യാസമായി, ഇനി നിനക്ക് നിന്റെ ജീവിതം. അങ്ങനെ പുറത്താക്കപ്പെട്ട അരുന്ധതി റോയി ഗോവയിലെ വിനോദസഞ്ചാരികൾ കുടിച്ച് ഉപേക്ഷിച്ച ബീർ ബോട്ടിലുകൾ പെറുക്കിയെടുത്തു വിറ്റ് കുറച്ചുകാലം ജീവിച്ചു.

അങ്ങനെ ജീവിച്ച കാലത്താണ് ഇന്ത്യ എങ്ങനെയാണു പുലരുന്നത് എന്ന് അരുന്ധതി തിരിച്ചറിയുന്നത്. ആ അനുഭവത്തിന്റെ കരുത്തിൽനിന്നാണ് എഴുതാനുള്ള ഒരു ശക്തി അരുന്ധതി ആർജ്ജിക്കുന്നത്. ഈ അനുഭവങ്ങളാണ് പുതിയ തലമുറയ്ക്ക് ഇല്ലാതെ പോകുന്നത്. ഓരോ വീടും മറ്റൊരു വീടിനെതിരായ, ഓരോ കുടുംബവും മറ്റൊരു കുടുംബത്തിനെതിരായ, ഓരോ മനുഷ്യനും മറ്റൊരു മനുഷ്യനെതിരായ ഗൂഢാലോചന നടത്തുന്ന ഇക്കാലത്ത് താഹയുടെ സാഹിത്യം, മനുഷ്യരെ കാട്ടിക്കൊടുക്കുന്ന സാഹിത്യം, മറ്റു മനുഷ്യരുടെ വാഴ്‌വുകൾ ഇന്നതാണ് എന്ന് നമ്മളോടു പറയുന്ന സാഹിത്യം വളരെ ആവശ്യമാണ്. ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള അന്ധഗായകനെ, ചെരുപ്പുകുത്തിയായ കുപ്പുസ്വാമിയെ നേരിട്ടു കണ്ടപ്പോൾ എനിക്കു പെട്ടെന്ന് ഓർമ്മ വന്നത് ഖസാക്കിന്റെ ഇതിഹാസത്തിലെ ഒരു ഭാഗമാണ്. അള്ളാപ്പിച്ച മൊല്ലാക്ക കുട്ടികളോടു പറയുന്ന ഒരു കഥയുണ്ട്.

ആയിരത്തൊന്നു വെള്ളക്കുതിരകളുടെ ഒരു പടയാണ് ഖസാക്കിലേക്കു വന്നത്. അതിൽ ആയിരവും കേടറ്റ വെള്ളക്കുതിരകളായിരുന്നു. അതിൽ ഒരു കുതിര മാത്രം ചടച്ച, രോഗിയായ, വൃദ്ധനായ കുതിരയായിരുന്നു. ആ കുതിരപ്പുറത്താണ് പടനായകൻ വന്നത്. ഇതിഹാസം ചെവിയോർത്ത ഓരോ തലമുറയും ചോദിച്ചു: അത് എത്ക്ക് മൊല്ലാക്ക? അത്ക്ക് ആര് തൊണൈ? അന്ത കുതിരയ്ക്ക് ശെയ്ഖ് തമ്പുരാൻ തുണൈ. അന്ത കുതിരയ്ക്ക് അല്ലാഹു തുണൈ. നീതി നിഷേധിക്കപ്പെട്ടവന്റെ, ആലംബഹീനനായവന്റെ, ചവിട്ടിത്താഴ്ത്തപ്പെട്ടവന്റെ അല്ലാഹുവാണ് സാഹിത്യകാരൻ. നഗ്നജീവിതങ്ങൾ ആ സത്യം വിളംബരം ചെയ്യുന്നു. ■

■ എം.എ. റഹ്മാൻ

# ലോകസിനിമയുടെ ഒരു ഖണ്ഡം

## സിനിമയെ ഗൗരവപൂർണ്ണമായി സമീപിക്കുന്നവർക്ക് ഒരു പടിപ്പുരവിവരണമാണ് ഈ പുസ്തകം നൽകുന്നത്



സിനിമയുടെ അന്താരാഷ്ട്ര ഭാഷ
കുഞ്ഞിക്കണ്ണൻ വാണിമേൽ
അടയാളം പബ്ലിക്കേഷൻ
തിരുവനന്തപുരം
വില: 75 രൂപ

**ലോ**കസിനിമയുടെ പുതിയ മുഖങ്ങൾ അനാവരണം ചെയ്യുന്ന ധാരാളം, പുസ്തകങ്ങൾ സമീപകാലത്ത് എമ്പാടും ഇറങ്ങുന്നുണ്ട്. ഡിജിറ്റൽ സാങ്കേതിക വിദ്യ സിനിമയെ ഇന്ന് അപ്പഴപ്പോൾ പ്രേക്ഷകരുടെ കൈകളിലെത്തിക്കുന്നുണ്ട്. അന്താരാഷ്ട്ര ഫെസ്റ്റിവലുകൾ നഗരങ്ങൾ തോറും നടക്കുന്നു. ചലച്ചിത്ര പഠനകേന്ദ്രങ്ങൾ ഇഷ്ടംപോലെ. ഇന്റർനെറ്റുപോലുള്ള മാധ്യമങ്ങൾ ഏത് രാജ്യത്തെയും ചലച്ചിത്രങ്ങളെക്കുറിച്ച് നവീകരിച്ച വിവരങ്ങൾ ലഭ്യമാക്കുന്നു. സിനിമ കാണുന്നവർക്കും ചലച്ചിത്രത്തെപ്പറ്റി എഴുതുന്നവർക്കും ഇതിൽപരം ഒരനുകൂലഘടകം വേറെയില്ല. കുഞ്ഞിക്കണ്ണൻ വാണിമേലിന്റെ 'സിനിമയുടെ അന്താരാഷ്ട്ര ഭാഷ' എന്ന പുസ്തകം ഓർമ്മിപ്പിക്കുന്നത് മുകളിൽ കുറിച്ച വസ്തുതയാണ്.

സിനിമയെ ഗൗരവതരമായി എടുത്ത ആളുകൾക്കും പുതുക്കക്കാർക്കും ഒരുപോലെ വസ്തുതകൾ വിതരണം ചെയ്യുന്ന ഒരു പഠനസാമഗ്രിയാണ് നൂറ്റിഇരുപത്തെട്ട് പുറമുള്ള ഈ പുസ്തകം. ആഫ്രിക്കൻ, അറബ്, മഗ്രിബ്, ചൈനീസ്, സിനിമകളെക്കുറിച്ച് ഒരു പോസ്റ്റ് ഇന്റർനെറ്റ് കാലഘട്ടത്തിലെ വസ്തുതാസംഗ്രഹമാണ് കുഞ്ഞിക്കണ്ണൻ നടത്തുന്നത്. വസ്തുതകൾക്കപ്പുറത്തേക്ക് പോയി സിനിമാനുശീലനത്തിന്റെ പാഠങ്ങളോ ആസ്വാദനമോ നടത്തുന്ന രീതി ആദ്യ ഖണ്ഡത്തിൽ അവലംബിച്ചിട്ടില്ല.

എന്നാൽ പസ്സോളിനി മുതൽ കീസ്‌ലോവ്സ്ക്കിവരെയുള്ള സംവിധായകരെക്കുറിച്ചെഴുതുമ്പോൾ ചലച്ചിത്രത്തിന്റെ ഉള്ളിലേക്കിറങ്ങാനുള്ള ശ്രമം കാണാം. ഒഷിമ, ഓർസൻ വെൽസ്, ബർഗ്‌മാൻ, ഷാന്താൾ അക്കർ മാൻ, ക്രിസ്‌മാർക്കർ, കിംകി ദുക് എന്നിവരും ഈ ഖണ്ഡത്തിൽ പഠനവിധേയമാകുന്നുണ്ട്. അതാത് രാജ്യത്തിന്റെ സാംസ്കാരിക ഭൂമികയിൽ നിന്നുകൊണ്ട് ചലച്ചിത്രസംവിധായകരുടെ കൃതികളിലേക്കിറങ്ങി പഠനം നടത്തുന്ന രീതി കുഞ്ഞിക്കണ്ണൻ പൊതുവെ ദീക്ഷിക്കുന്നതു കാണാം. ഇറാനിയൻ സിനിമ എന്ന തന്റെ മുൻ പുസ്തകത്തിൽ അദ്ദേഹം ഒരു സമൂഹത്തിന്റെ സാംസ്കാരിക അന്തർധാരകൾ (Basic cultural patterns) സിനിമയിൽ എങ്ങനെ പ്ര



തിവർത്തിക്കുന്നു എന്നന്വേഷിക്കുന്നുണ്ട്. എന്നാൽ ഈ പുസ്തകത്തിൽ അത്ര ആഴത്തിൽ പോകാനൊന്നും അദ്ദേഹം തുനിഞ്ഞിട്ടില്ല.

എൺപതുകളുടെ ഒടുവിലും തൊണ്ണൂറിന്റെ ആദ്യത്തിലുമായി കേരളത്തിൽ വളരെ ജേർണലിസ്റ്റിക് ആയ ഒരു ചലച്ചിത്ര നിരൂപണ രീതി സ്ഥാനം പിടിക്കുന്നതു കാണാം. മാത്രമല്ല വളരെ സാമൂഹ്യശാസ്ത്രപരമായി ചലച്ചിത്രത്തെയും അതിലെ പ്രമേയത്തെയും അപഗ്രഥിക്കുകയോ അപനിർമ്മിക്കുകയോ ചെയ്യുന്ന മറ്റൊരു രീതിയും സമാന്തരമായി മലയാള ചലച്ചിത്ര നിരൂപണശാഖയിൽ സ്ഥാനം പിടിച്ചു. ഇതിൽ രണ്ടാമത്തേതിന്റെ പക്ഷത്തല്ല കുഞ്ഞിക്കണ്ണൻ.

ഇന്റർനെറ്റിന്റെ വ്യാപനത്തോടെ പത്രപ്രവർത്തക സമൂഹവും, അദ്ധ്യാപകരും, വിദ്യാർത്ഥികളും ചലച്ചിത്രാസ്വാദകരും ഒരുപോലെ അതിനെ ആക്രമിക്കുന്നത് അതിന്റെ വിവരവിതരണ സ്വഭാവത്തെ ഉപയോഗപ്പെടുത്താനാണ്. വിവരങ്ങൾ മാത്രം നൽകുന്ന ഒരു കേവല മാധ്യമത്തിന്റെ സ്വഭാവമാണതിന്. അതിനെ അമിതമായി ആശ്രയിച്ചാൽ ചലച്ചിത്രനിരൂപണം എന്ന നിലവിട്ട്പോകുന്ന അവസ്ഥ വരും. ഇതിലെ ആദ്യഭാഗത്തെ ലേഖനങ്ങളിൽ ഈ സ്വഭാവം കാണാം.

പുസ്തകത്തിന്റെ തലക്കെട്ടിൽ ചെറിയൊരു കല്ലുകടിയുണ്ട്. 'സിനിമയുടെ രാഷ്ട്രാന്തരീയ ഭാഷ'യെന്നോ 'സിനിമയുടെ ലോകഭാഷ'യെന്നോ അല്ലേ ശരി. അനുശീലനം കൊണ്ട്, 'സിനിമയുടെ അന്താരാഷ്ട്ര ഭാഷ' ശരിയായിരിക്കാം. സമഗ്രമല്ലെങ്കിലും ലോകസിനിമയുടെ ഒരു ഖണ്ഡം എന്ന നിലയിൽ ഈ പുസ്തകത്തെ വായനക്കാർ സ്വീകരിക്കും. ■

■ ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത

# ബഹുസ്വരതയുടെ ആഖ്യാനശൈലി

**വർണ്ണാശ്രമത്തിൽ അധിഷ്ഠിതമായ ജാതിബദ്ധ വിജ്ഞാനശാസ്ത്രത്തെ പാടെ നിഷേധിക്കുന്ന ഗ്രന്ഥം**




റീ ഇമാജിനിങ്
ദളിത് തിയോളജി
പോസ്റ്റ് മോഡേൺ
റീഡിങ്സ്
വൈ.റ്റി. വിനയ രാജ്
സി.എസ്.എസ് ബുക്സ്,
തിരുവല്ല
വില: 60 രൂപ

**ആ**യിരത്തി തൊള്ളായിരത്തി എൺപതുകളിൽ ഉദയം ചെയ്ത ദളിത് ദൈവശാസ്ത്രം പുരോഗമന വിമോചന ദൈവശാസ്ത്രരംഗത്തെ ഏറ്റവും ശ്രദ്ധേയമായ ഭാരതീയ ദൈവശാസ്ത്ര മുന്നേറ്റമായിരുന്നു. "ഇന്ത്യൻ ക്രിസ്ത്യൻ തിയോളജി" എന്ന നാമത്തിൽ അതുവരെ പ്രചാരത്തിലിരുന്ന ദൈവശാസ്ത്രം ഏറെക്കുറെ പൂർണ്ണമായും ബ്രാഹ്മണികവും വരേണ്യജാതി സമ്പ്രദായബദ്ധവുമായിരുന്നു. 'മേൽജാതി'കളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തുവന്ന ചിന്തകർ തങ്ങൾ പുതുതായി സ്വീകരിച്ച ദൈവവിശ്വാസത്തെയും ക്രിസ്തുവിനെയും തങ്ങൾക്ക് പരിചയമുണ്ടായിരുന്ന സംസ്കൃത സങ്കേതങ്ങളിൽ, വിശേഷിച്ചും ശങ്കരാചാര്യരുടെ അദ്വൈത ദർശനാടിത്തറയിൽ, അവതരിപ്പിക്കുകയായിരുന്നു ഇന്ത്യൻ ക്രിസ്ത്യൻ തിയോളജി.

ദളിതരുടെ പ്രശ്നങ്ങൾ വിഷയീഭവിക്കാത്ത 'മേൽജാതി' ചിന്തകരുടെ കേവലം ബൗദ്ധികവ്യായാമമായി നിലനിന്ന ഇന്ത്യൻ ക്രിസ്ത്യൻ തിയോളജിക്ക് ബദലായി, ലാറ്റിൻ അമേരിക്കൻ ലിബറേഷൻ തിയോളജിയുടെ സ്വാധീനത്തിൽ, വിമോചന ദൈവശാസ്ത്രം 1970-കളിൽ ഭാരതത്തിലും ഉടലെടുത്തു. എം.എം. തോമസ്, പൗലോസ് മാർ ഗ്രിഗോറിയോസ്, പൗലോസ് മാർ പൗലോസ്, ഫാദർ കാപ്പൻ, കെ.സി. ഏബ്രഹാം തുടങ്ങിയവരായിരുന്നു ഈ മേഖലയിലെ പ്രധാന ചിന്തകർ.

മാർക്സിസ്റ്റ് സാമൂഹിക വിശകലന രീതി അവലംബിച്ച വിമോചന ദൈവശാസ്ത്രം ജനങ്ങളുടെ പ്രശ്നങ്ങളെ വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ ഗൗരവമായി ആവിഷ്ക്കരിച്ചു എങ്കിലും വർഗ്ഗവിശകലനം പ്രധാന രീതിശാസ്ത്രമായപ്പോൾ, ഫലത്തിൽ ഇവിടെയും ജാതിഘടനകളും അതിന്റെ ഇരകളായ ദളിതരും വിമോചന ദൈവശാസ്ത്ര ചിന്താവ്യാപാരങ്ങൾക്ക് അന്യമായി ഭവിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ തിയോളജിയുടെയും ഭാരതീയ വിമോചന ദൈവശാസ്ത്രത്തിന്റെയും ദളിത് നിരാകരണങ്ങളോടുള്ള പ്രതികരണമായിട്ടാണ് ദളിത് ദൈവശാസ്ത്രം ഉദയം ചെയ്യുന്നത്. എ.

പി. നിർമ്മൽ ആയിരുന്നു ഈ ദൈവശാസ്ത്രധാരയുടെ തലതൊട്ടപ്പൻ. ഡോ. അംബേദ്കറിന്റെ ജാതിവിശകലനം അവലംബിച്ചും വേദപുസ്തകത്തെ ദളിതനുഭവങ്ങളുടെ കണ്ണാടിയിൽക്കൂടി വായിച്ചും വ്യാഖ്യാനിച്ചും ദളിത് ദൈവശാസ്ത്രം വികസിച്ചു. നിർമ്മൽ, ജയിംസ് മാസി, എം.ഇ. പ്രഭാകർ, ഏബ്രഹാം അയ്‌രൂർകുഴിയിൽ, ബിഷപ്പ് ദേവസഹായം തുടങ്ങിയവരുടെ രചനകളിൽക്കൂടി ദളിത് ദൈവശാസ്ത്രം ചിന്തയുടെ വസന്തം തീർത്തു. എന്നാൽ, ദളിത് ദൈവശാസ്ത്രം, തങ്ങളുടെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കാനും, അനുഭവിച്ച അടിമത്തങ്ങളുടെ വേദനകളെ സ്മരണകളാക്കാനും ദളിതരെ ആഹ്വാനം ചെയ്യുന്ന ഒരു “വിലാപത്തിന്റെ ദൈവശാസ്ത്ര”മായി ചുരുങ്ങുകയായിരുന്നു. പിന്നീട് ഏറെ കാലത്തേയ്ക്ക് ചിന്താപരമായ ഒരു മുരടിപ്പ് അനുഭവപ്പെട്ടു. ഒരുപക്ഷേ, സത്യനാഥൻ ക്ലർക്കിന്റെ “Dalits and Christianity: Subaltern Religion and Liberation Theology in India (Oxford) മാത്രമായിരുന്നു ഈ കാലത്തുണ്ടായ ദൈവശാസ്ത്രപരമായ ഒരു നവ്യാനുഭവം.

പിന്നീട് സ്വത്വരാഷ്ട്രീയത്തിന്റെ തലത്തിലേക്ക് ഈ ചിന്താപദ്ധതി വികസിച്ചു. എങ്കിലും മിക്കവാറും എല്ലാ വിമോചന ധാരകളെയും പോലെ, ദളിത് ദൈവശാസ്ത്രവും ആധുനിക മാനവികതയുടെ ചട്ടക്കൂടിൽ ഒതുങ്ങിനിന്നു. ഇവിടെയാണ് റവ. വൈ.ടി. വിനയരാജിന്റെ കൃതി വ്യത്യസ്തവും ശ്രദ്ധേയവുമാകുന്നത്.

ദെക്കാർട്ടും ബേക്കണും ന്യൂട്ടനും മാർക്സും എല്ലാം സൃഷ്ടിച്ച ആധുനികതയുടെ തടവറയിൽനിന്ന് ഇന്ത്യൻ ദൈവശാസ്ത്രത്തെ വിമോചിപ്പിക്കാനുള്ള ശ്രമമാണ് ഈ കൃതി. സത്യം, അറിവ്, അധികാരം എന്നിവയെക്കുറിച്ച് ഫൂക്കോ മുന്നോട്ടു വയ്ക്കുന്ന വികേന്ദ്രീകൃത ചിന്തകളും ദെറിദയുടെ ‘അപനിർമ്മാണ’ പദ്ധതിയും ഇതര ഉത്തരാധുനിക സങ്കേതങ്ങളും സ്വീകരിച്ചാണ് റവ. വിനയരാജ് ദളിത് ദൈവശാസ്ത്രത്തെ സംഗതമായ ഒരു പുനർവായനയ്ക്ക് സമർപ്പിക്കുന്നത്. ആധുനികതയുടെ മുഖമുദ്രകളായ ദ്വന്ദ്വചിന്തകളെയും (ശരീരം- ആത്മാവ്; ഈലോകം-പരലോകം; കർത്താവ്-കർമ്മം തുടങ്ങിയ ദ്വന്ദ്വങ്ങൾ) ഏകമുഖവും സാർവ്വലൗകികവുമായ ബൃഹത് പരിപ്രേക്ഷ്യങ്ങളെയും തിരസ്ക്കരിക്കുന്ന ബഹുസ്വരതയുടെ ആഖ്യാനശൈലിയാണ് ഈ ഗ്രന്ഥത്തിൽ അടിസ്ഥാനധാര.

വർണ്ണാശ്രമത്തിൽ അധിഷ്ഠിതമായ ജാതിബദ്ധ വിജ്ഞാനശാസ്ത്രത്തെ ഈ ഗ്രന്ഥം പാടെ നിഷേധിക്കുന്നു. ബഹുസ്വരതയിലൂന്നിയ രാഷ്ട്രീയ അസ്തിത്വങ്ങളുടെ രീതിശാസ്ത്രത്തെ ഗ്രന്ഥകാരൻ പകരം വയ്ക്കുന്നു. ഇത് ശരീരത്തെയും ലോകത്തെയും ത്യജിച്ച് തള്ളിപ്പറയുന്ന ആസ്തിക/വേദ പാരമ്പര്യങ്ങൾക്ക് ബദലാണ്. ഈ അർത്ഥത്തിൽ ഈ ഗ്രന്ഥം മുന്നോട്ടുവയ്ക്കുന്നത് ശരീരത്തിന്റെ ദൈവശാസ്ത്രമാണ്. ഡോ. അംബേദ്കർ ദളിത് സ്വത്വത്തെ ആധുനികതയുടെ ചട്ടക്കൂടിൽ രാഷ്ട്രീയവൽക്കരിച്ചു. എന്നാൽ, ആധുനികോത്തരതയുടെ രാഷ്ട്രീയത്തിലേക്ക് ദളിത് സ്വത്വബോധനിർമ്മിതിയും, അതിന്റെ ദൈവശാസ്ത്രവും വികസിക്കേണ്ടിയിരിക്കുന്നു എന്ന തിരിച്ചറിവാണ് ഗ്രന്ഥകാരനെ ആ ദൗത്യം ഏറ്റെടുക്കാൻ പ്രേരിപ്പിക്കുന്നത്. ഇവിടെ വർഗ്ഗത്തിന്റെയോ ജാതിയുടെയോ പേരിലുള്ള ഏകശിലാമാനമുള്ള സാർവ്വലൗകിക സാമ്പ്രദായിക ചട്ടക്കൂടുകൾക്കല്ല പ്രസക്തി- പ്രത്യുത, ജാതിവ്യവസ്ഥയ്ക്കെതിരെ, ജാതിയുടെ ‘മൈക്രോപൊളിറ്റിക്സ്’ -അതായത് പ്രാദേശിക തലങ്ങളിൽ ജാതിവ്യവസ്ഥയുടെ വ്യാപാരങ്ങൾ- വ്യത്യസ്തമായിരിക്കും.

ജാതിവ്യവസ്ഥയുടെ വ്യാപാരത്തിന്റെ സ്വഭാവം അനുസരിച്ച് അതിനെ പ്രതിരോധിക്കാനുള്ള വ്യത്യസ്തങ്ങളായ പ്രതിരോധരീതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അത്തരം പ്രത്യേക സാഹചര്യങ്ങൾ അനുഭവിക്കുന്ന ദളിതരിൽനിന്നും ഉണ്ടാകുന്ന ‘ഹ്രസ്വആഖ്യാനങ്ങൾ’ ആയിരിക്കും പുതിയ രാഷ്ട്രീയത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും അസംസ്കൃത സ്രോതസ്സുകൾ. ഉദാഹരണത്തിന് ചെങ്ങറയിലെ ദളിതരുടെ ഭൂസമരം പരിശോധിക്കാം. മാർക്സിസത്തിന്റെ ‘ബൃഹദ് ആഖ്യാന’മായ വർഗ്ഗസമരത്തിന്റെ കീഴിൽ ഈ സമരത്തെ പ്രതിഷ്ഠിക്കാൻ സാധിക്കില്ല. അതുകൊണ്ടുതന്നെയാണ് മാർക്സിസ്റ്റുകൾ ഈ സമരത്തെ തള്ളിപ്പറയുന്നതും. ദളിതരാകട്ടെ, ഇന്നുവരെ തങ്ങൾ തളക്കപ്പെട്ടുകിടന്ന ആധുനികതയുടെ ഇത്തരം ചങ്ങലകൾ ഭേദിച്ച് തനതായ പ്രാദേശിക ആഖ്യാനങ്ങൾ സ്വീകരിക്കുകയും പുതിയ സാംസ്ക്കാരിക/സാമൂഹിക മൂലധനങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. ഹാബേലിന്റെ മതപരിവർത്തനം, പ്രത്യക്ഷ രക്ഷാസഭ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ, സഭയിലെ ദളിത് അവസ്ഥകൾ ഇവയെല്ലാം ഗ്രന്ഥകാരന്റെ വിമർശന ചിന്തകൾക്ക് വിഷയീഭവിക്കുന്നു. ചുരുക്കത്തിൽ ഡോ. സനൽ മോഹൻ അവതാരികയിൽ സൂചിപ്പിക്കുന്നതുപോലെ, ഒരു ജനാധിപത്യ സിവിൽ സമൂഹത്തിൽ സംഗതമായ ദളിത് രാഷ്ട്രീയത്തെ പ്രശ്നവത്കരിക്കുകയാണ്. ഈ ഗ്രന്ഥം നിർവ്വഹിക്കുന്ന ധർമ്മം. സാമൂഹിക ശരീരത്തെ പരിപോഷിപ്പിക്കുന്ന ഒരു ശാരീരിക ദൈവശാസ്ത്രമാണ് ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കപ്പെടുന്നത്.

വ്യത്യസ്തതകളെ ദ്വന്ദ്വവൽക്കരിക്കാതെ അവയുടെ ബഹുത്വം അംഗീകരിക്കുന്ന രാഷ്ട്രീയമാണ് ഈ ദൈവശാസ്ത്രത്തിന്റെ കാതൽ-ദളിതർ കർമ്മങ്ങളാകാതെ കർത്താക്കളായി മാറുന്ന, പുതിയ മൂലധനങ്ങൾ അന്വേഷിക്കുകയും കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന ചിന്താധാര. ഡോ. ക്ലാർക്ക് രേഖപ്പെടുത്തുന്നതുപോലെ, ഇന്ത്യൻ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിന് വിലപ്പെട്ട സംഭാവനയാണ് ഈ കൃതി. ■